## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*73** — 28.02.2018 - **മറുപടിയ്ക്ക്**

## സാംസ്കാരിക നായകർക്കെതിരെയുള്ള ഭീഷണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എം. മുകേഷ്<br>ശ്രീ. സി.കെ. ഹരീന്ദ്രൻ : | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും**<br>**നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും**<br>**വകുപ്പ് മന്ത്രി** |
| എ) പിന്തിരിപ്പനും വിഭാഗീയവുമായ ആശയങ്ങൾക്കെതിരെ ശബ്ദമുയർത്തുന്ന സാംസ്കാരിക നായകരെ കായികമായി ആക്രമിച്ച് പുരോഗമനാശയങ്ങളെ ഉന്മൂലനം ചെയ്യാൻ നടത്തുന്ന നീക്കത്തിന്റെ ഭാഗമായി, കരിപ്പൂഴ ശ്രീകുമാർ ഉൾപ്പെടെയുള്ള കേരളത്തിലെ വിവിധ സാംസ്കാരിക നായകർക്കെതിരെ സംഘപരിവാർ ഭീഷണി ഉയർത്തിയിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം സാംസ്കാരികാധിനിവേശത്തെ പ്രതിരോധിക്കാനായി സാംസ്കാരിക വകുപ്പ് നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ;<br><br>ബി) ജനങ്ങളുടെ ചിന്തകളെയും വീക്ഷണങ്ങളെയും ബഹുസ്വര സമൂഹത്തിനനുയോജ്യമായ വിധത്തിൽ വിശാലമാക്കാൻ സാധിക്കുന്ന തരത്തിൽ സാംസ്കാരിക കലോത്സവങ്ങൾ സംഘടിപ്പിക്കാൻ ശ്രമിക്കുമോ;<br><br>സി) ജനങ്ങളെ നിസ്സഹായരാക്കി കമ്പോള ശക്തികളുടെ താല്പര്യത്തിന് വിധേയരാക്കുന്ന നവ ലിബറൽ നയങ്ങൾക്കെതിരെയുള്ള പ്രതിഷേധങ്ങളെ നിശ്ശബ്ദമാക്കുന്ന മുതലാളിത്ത തന്ത്രത്തിനെതിരെ സാംസ്കാരിക മേഖലയ്ക്ക് ഉത്തേജനം | എ, ബി & സി വർഗ്ഗീയ ശക്തികൾ സാംസ്കാരിക രംഗത്ത് നടത്തുന്ന അധിനിവേശം സാംസ്കാരിക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നുമാത്രമല്ല, കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി ഈ പ്രശ്നത്തെക്കുറിച്ച് സജീവ സംവാദ മേഖലകൾ സൃഷ്ടിക്കുന്നത് സാംസ്കാരിക വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. വർഗ്ഗീയ ശക്തികൾ സാംസ്കാരിക രംഗത്ത് നടത്തുന്ന അധിനിവേശം തടയുന്നതിന് സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളും ഇടപെടണമെന്നത് സർക്കാർ നയമാണ്. എഴുത്തുകാർക്കിടയിലും ജനങ്ങൾക്കിടയിലും സഹകരണവും ആക്രമണങ്ങൾക്കെതിരായ ആശയപരമായ പ്രതിരോധവും വർദ്ധിപ്പിക്കാനുതകുംവിധം ചർച്ചകൾ, സംവാദങ്ങൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിച്ച് വരുന്നു. ഇവയിൽ ജനപ്രതിനിധികളെയും പ്രാദേശിക സാംസ്കാരിക സംഘടനകളെയും ഉൾപ്പെടുത്തുന്നുണ്ട്.<br>മാനവികത, മതേതരത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങളിൽ ഉറച്ചു നിൽക്കുന്ന ഒരു സമൂഹ സൃഷ്ടിക്കായി സംസ്ഥാന സാംസ്കാരിക വകുപ്പ് ബഹുമുഖങ്ങളായ ഇടപെടലുകൾ നടത്തി വരികയാണ്. സാംസ്കാരിക വൈവിധ്യവും ബഹുസ്വരതയുമാണ് നാടിന്റെ ശക്തി സ്രോതസ്സെന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പിന്തിരിപ്പനും വിഭാഗീയവുമായ ആശയങ്ങളുടേയും പ്രയോഗങ്ങളുടേയും കടന്നുകയറ്റത്തിനെതിരെയുള്ള ചെറുത്തുനിൽപ്പ് കാലഘട്ടത്തിന്റെ ആവശ്യമാണ്. നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ നൂറാം വാർഷികാഘോഷം, വിവേകാനന്ദ സ്പർശം, ഗാന്ധിജിയുടെ രക്തസാക്ഷ്യത്തിന്റെ 70-ാം വാർഷികം - രക്തസാക്ഷ്യം 2018 എന്നിവ ഈ |

നൽകാനുതകുന്ന പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

ദൗത്യത്തിന്റെ ഭാഗമായി സാംസ്കാരിക വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ ഏതാനും ചില പരിപാടികളാണ്.

കേരളത്തിന്റെ പുരോഗമന മനസ്സിന് ഊർജ്ജം പകർന്നതും അയിത്തോച്ചാടന സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് ശക്തി പകർന്നതുമായ 'നമുക്ക് ജാതിയില്ലാ വിളംബരം ' സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനം എന്നിവയെ സമുചിതമായി ആഘോഷിക്കുക വഴി ശക്തമായ സന്ദേശം നൽകുവാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. മാനവികതയും മതമൈത്രിയും ഉയർത്തിപ്പിടിച്ച് രക്തസാക്ഷിത്വം വരിച്ച മഹാത്മാഗാന്ധിയുടെ സ്മരണയുണർത്തുന്ന ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികൾ നടപ്പിലാക്കുകയാണ്.

മതാതീതവും മാനവികവുമായ കേരളീയ സാംസ്കാരിക കാഴ്ചപ്പാടിനെ തെറ്റിദ്ധരിപ്പിച്ച് സംഘടിത രാഷ്ട്രീയ ശക്തികൾ മതതീവ്രവാദത്തിന് വിനിയോഗിക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ, സ്ഥിതി സമത്വത്തിന്റെയും മതേതരത്വത്തിന്റെയും ആവശ്യകത തിരിച്ചറിഞ്ഞ്, സർക്കാരിന്റെ നേതൃത്വത്തിൽ, ജാതീയ ഉച്ച നീചത്വങ്ങളെ ഇല്ലാതാക്കുവാനും സമൂഹത്തിൽ സമത്വവും സാഹോദര്യവും നിലനിർത്തുവാനും പരിപാടികൾ ആവിഷ്കരിക്കുന്നുണ്ട്. സഹോദരൻ അയ്യപ്പൻ ആരംഭിച്ച പന്തിഭോജനത്തിന്റെ 100-ാം വാർഷികം എല്ലാ ജില്ലകളിലും ആഘോഷിക്കുക യുണ്ടായി. കവി ശ്രീ. കുരീപ്പുഴ ശ്രീകുമാറിനെതിരായ ആക്രമണം ആവിഷ്കാര സ്വാതന്ത്ര്യത്തിന് നേരെയുള്ള വെല്ലുവിളിയായിട്ടാണ് സർക്കാർ കാണുന്നത്. വ്യത്യസ്ത ചിന്താഗതികളോടുള്ള അസഹിഷ്ണുതയാണ് ഈ ആക്രമങ്ങൾക്ക് അടിസ്ഥാനം. സ്വതന്ത്രമായ അഭിപ്രായപ്രകടന ങ്ങളും സംവാദങ്ങളും, ജനാധിപത്യപരമായ വിയോജിപ്പുകളും പ്രകടിപ്പിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ഈ ആശയങ്ങൾ നമ്മുടെ സമൂഹത്തിൽ നിലനിർത്താനാവശ്യമായ ചർച്ചകളും സെമിനാറുകളും കലാവിഷ്കാരങ്ങളും സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നതാണ്.

Indhu

സെക്ഷൻ ഓഫീസർ